കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ നടപടികൾക്ക് വിധേയരായ പോലീസുകാർ

29 (1497)ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) ഇവരിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ട്;

(സി) കുറ്റ കൃത്യങ്ങൾ ചെയ്ത എത്ര പോലീസുകാരുടെ കേസുകൾ ഈ ഗവൺമെന്റ് പിൻവലിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറ്റകൃത്യങ്ങൾ ചെയ്ത് ക്രൈം കേസിൽ ഉൾപ്പെട്ടതിന്റെ പേരിൽ 338 പോലീസുകാരെ സസ്പെന്റു ചെയ്തിട്ടുണ്ട്.

(ബി) 235

(സി) കുറ്റകൃത്യം ചെയ്ത പോലീസുകാർക്കെതിരെയുള്ള കേസുകൾ പിൻവലിച്ചിട്ടില്ല.

ഔദ്യോഗിക യാത്രയ്ക്ക് ചെലവായ തുക

30 (1498)ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്, ഐ.എഫ്.എസ്. ഉദ്യോഗസ്ഥന്മാർ 1998-99-ൽ സംസ്ഥാനത്തിന് പുറത്ത് ഔദ്യോഗികാവശ്യത്തിന് പോയ വകയിൽ എത്ര തുക ചെലവായി;

(ബി) വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

കുര്യാർകുറ്റി-കാരാപ്പാറ കേസ്

31 (1499)ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരാപ്പാറ കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. എം.പി. ദിനേശ് എത്ര പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ട്; ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ കേസിന്റെ നടത്തിപ്പിലേക്കായി സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; നിയമന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ഇതുവരെ എന്തു തുക സ്പെഷ്യൽ പ്രോസിക്യൂട്ടർക്ക് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുര്യാർകുറ്റി-കാരാപ്പാറ കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. എം.പി. ദിനേശ് ഒരു പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ട്. ഇതിനായി 21,185/- രൂപ സർക്കാരിന് ചെലവായിട്ടുണ്ട്.

(ബി) ഈ കേസിന്റെ നടത്തിപ്പിലേക്കായി ശ്രീ. പി. കെ. ഹരിദാസിനെ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുണ്ട്. പതിനയ്യായിരം രൂപ പ്രിപ്പ റേഷൻ ഫീസും ഓരോ സിറ്റിംഗിനും 1000 രൂപ വീതം ഫീസും അനുവദനീയമായ ക്ഷാമബത്തയും യാത്രാബത്തയും നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്

(സി) 15000 രൂപ സ്പെഷ്യൽ പ്രോസിക്യൂട്ടർക്ക് പ്രിപ്പറേഷൻ ചാർജ്ജായി നൽകിയിട്ടുണ്ട്.

കെ. അറുമുഖത്തിനെതിരെ വിജിലൻസ് കേസ്

32(1500)ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇറിഗേഷൻ വകുപ്പിൽ മെക്കാനിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ കം-ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായ ശ്രീ. കെ. അറുമുഖത്തിനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ എത്ര വിജിലൻസ് കേസ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസ് കേസുമായി ബന്ധപ്പെട്ട് സ്വത്തുവിവര പട്ടിക സമർപ്പിക്കാൻ ഡിപ്പാർട്ടുമെന്റ് പ്രസ്തുത ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഉദ്യോഗസ്ഥൻ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി ചട്ടങ്ങളുടെ ലംഘനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുംവിധം ഈ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിൽ മെക്കാനിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ-കം-ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായ ശ്രീ. അറുമുഖത്തിനെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്.

(ബി) സ്പെഷ്യൽ ലാന്റ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഫോറം ശ്രീ. അറുമുഖത്തിന് അയച്ചുകൊടുക്കുകയും പ്രസ്താവന സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഏത് കാലയളവുമുതൽ ഏതു വരെയാണ് സ്പെഷ്യൽ ലാന്റ് പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുക്കേണ്ടത് എന്ന ശ്രീ. അറുമുഖത്തിന്റെ സംശയത്തിന്റെ അടിസ്ഥാനത്തിൽ 1979 മുതൽ 1998 വരെയുള്ള കാലയളവിലെ സ്റ്റേറ്റുമെന്റാണ് നൽകേണ്ടത് എന്ന് ചീഫ് എഞ്ചിനീയർ വിശദീകരണം നൽകിയിരുന്നുവെങ്കിലും ടിയാൻ സ്റ്റേറ്റുമെന്റ് നൽകിയിട്ടില്ല എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ ടിയാനെതിരെ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly